MONDAY 30-05-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/05/2022.

1. പി.എം കിസാൻ പദ്ധതി ഗുണഭോക്താക്കളായിട്ടുള്ള കർഷകർ അവരുടെ ഭൂമി സംബന്ധമായ വിവരങ്ങൾ AIMS പോർട്ടലിൽ വ്യക്തിഗതമായി ചേർക്കേണ്ടതാണ്. കർഷകർ വസ്തുവിന്റെ കോപ്പി, മൊബൈൽ ഫോൺ എന്നിവയുമായി അടുത്തുള്ള അക്ഷയകേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവ മുഖേന ഭൂമി സംബന്ധമായ വിവരങ്ങൾ ഈ മാസം 31-നകം (മേയ് 31) ചേർക്കേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുന്നതിന് ഇത് ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. മൃഗസംരക്ഷണ വകുപ്പ് കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുന്ന കന്നുകാലികൾക്കുള്ള ഏറ്റവും നൂതന തിരിച്ചറിയൽ മാർഗ്ഗമായ **ആർ എഫ് ഐ ഡി (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ) മൈക്രോചിപ്പ് പദ്ധതിയുടെ** സംസ്ഥാനതല ഉദ്ഘാടനം ഇന്ന് രാവിലെ (മേയ് 30) രാവിലെ 10.30 ന് പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ എജിറ്റി ആഡിറ്റോറിയത്തിൽ വച്ച് കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിന്റെ സാന്നിധ്യത്തിലും ആരോഗ്യ വകുപ്പു മന്ത്രി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിലും കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും.

3. ഉത്തര മേഖലാ പ്രാദേശിക ഗവേഷണ കേന്ദ്രം പിലിക്കോടിന്റ ആഭിമുഖ്യത്തിൽ പിലിക്കോട് ഗ്രാമപഞ്ചായത്തിന്റെ പിന്തുണയോടെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണത്തോടെ, നാട്ടുമാവിനങ്ങളുടെ മാങ്ങാ വിത്തുകൾ ശേഖരിക്കുന്നു. ഒപ്പം നാട്ടുമാവിനങ്ങളുടെ ജനിതക വിവര ശേഖരണവും ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഭാഗമായി പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിൽ നാടൻ മാവിനങ്ങളുടെ ജനിതക സംരക്ഷണത്തിനായി ഓരോ വിദ്യാർത്ഥികളും അവരുടെ വീട്ടുപറമ്പിലെ നാട്ടുമാവിന്റെ പേരും സ്വന്തം വിലാസവും സഹിതം സ്കൂളിൽ നൽകേണ്ടതാണ്. ഒരു വിദ്യാലയത്തിൽ നിന്ന് പരമാവധി 30,000 എണ്ണം മാങ്ങാ വിത്തുകളാണ് ശേഖരിക്കുക. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംഭരണം തുടങ്ങി ജൂൺ അവസാനത്തോടെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ശേഖരിച്ചു വെച്ച മുഴുവൻ മാങ്ങാവിത്തുകളും സ്കൂളുകളിൽ നിന്നും ശേഖരിക്കുകയും വിദ്യാർഥികൾക്കുള്ള പ്രോത്സാഹന സമ്മാനമായി ഒരു വിത്തിന് 50 പൈസ എന്ന നിരക്കിൽ പി.ടി.എ അക്കൗണ്ടിലേയ്ക്ക് നൽകുകയും ഏറ്റവും കൂടുതൽ മാങ്ങാവിത്ത് ശേഖരിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും നൽകുന്നതാണ്. കൂടാതെ സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗ്രാഫ്റ്റിംഗ്, ബഡിംങ് പരിശീലനം ഗവേഷണ കേന്ദ്രത്തിൽ വച്ച് സ്കൂൾ അധ്യായന തുടങ്ങി ജൂലായ് ഓഗസ്റ്റ് മാസം നൽകുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ള സ്കൂളുകൾ **9400412064, 9497601369** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള വെറ്ററിനറി സർവകലാശാലക്ക് കീഴിൽ മണ്ണുത്തി യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാമിൽ **സങ്കരയിനം തീറ്റപ്പുൽ നടീൽ വസ്തുക്കൾ** വില്പനക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനുമായി **9656090440, 7994996019, 0487 – 2370302** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പനകേന്ദ്രത്തിൽ നല്ലയിനം തെങ്ങിൻതൈകൾ, ജൈവവളം, ടിഷ്യുകൾച്ചർ വാഴവിത്തുകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, കമുകിൻ തൈകൾ, ജൈവകീടനാശിനികൾ എന്നിവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ നാളെ (31.05.2022) **"പഴം, പച്ചക്കറി എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ"** എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ **6282937809, 0466 2912008** എന്നീ ഫോൺ നമ്പറിൽബന്ധപ്പെടുക

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിനായി ജൂൺ 08-ന് ഓൺലൈൻ പരിശീലനം നൽകുന്നു. ആർ.എസ്.എസ്. ഗ്രേഡ് ഷീറ്റുകളുടെ നിർമ്മാണം, റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ നിക്ഷേപസാദ്ധ്യതകൾ

ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സാപ്പ് നമ്പരിലോ ബന്ധപ്പെടാം.

## കാർഷിക നിർദ്ദേശങ്ങൾ

8. കേരള കാർഷിക സർവകലാശാലയിലെ കാർഷിക ദുരന്തനിവാരണ സെല്ലും, ഗ്രാമീണ കൃഷി മൗസം സേവ തൃശ്ശൂരും സംയുക്തമായി മഴക്കാലത്തെ കാർഷിക വിളപരിപാലനത്തിനു കർഷകർക്കു നൽകുന്ന നിർദേശങ്ങൾ താഴെ ചേർക്കുന്നു

1) പൊതുനിർദേശങ്ങൾ: കൃഷിസ്ഥലങ്ങളിൽ, പ്രതേകിച്ച് നെൽപാടങ്ങളിൽ വെള്ളക്കെട്ടുണ്ടെങ്കിൽ മതിയായ നീർവാർച്ചാസൗകര്യങ്ങളും, മണ്ണുസംരക്ഷണമാർഗ്ഗങ്ങളും ഉറപ്പാക്കുക

2) മഴക്കാലവിളകൾക്കുള്ള നിർദേശങ്ങൾ :

തുടർച്ചയായ മഴമൂലം അന്തരീക്ഷത്തിലെ ഈർപ്പം കൂടുന്നതിനാൽ കാർഷികവിളകൾക്ക് വിവിധ കുമിൾ രോഗ ബാധകളുണ്ടാകാനുള്ള സാധ്യതകളുണ്ട്. ഓരോ വിളകൾക്കുമുള്ള മഴക്കാലപരിചരണമാർഗങ്ങൾ താഴെ ചേർക്കുന്നു.

a) തെങ്ങ് : തെങ്ങിന്റെ തടം തുറക്കുക. കൂമ്പ് ചീയൽ രോഗം വരാതിരിക്കാൻ മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തെങ്ങിന്റെ മണ്ടയിൽ നല്ലവണ്ണം വീഴത്തക്കവണ്ണം കുളിർക്കെ തളിച്ചുകൊടുക്കുക.

b) വാഴ : ശക്തമായ കാറ്റത്തും, മഴയത്തും വാഴകൾ വീണുപോകാതിരിക്കാനാവശ്യമായ താങ്ങുകാലുകൾ നൽകുക. വാഴയിലെ ഇലപ്പുള്ളിരോഗം വരാതിരിക്കാനുള്ള മുൻകരുതലായി സൂഡാമോണാസ് ലായനി (ഒരു ലിറ്റർ വെള്ളത്തിൽ ഇരുപതുഗ്രാം സൂഡാമോണാസ് എന്നതോതിൽ ലയിപ്പിച്ച് തയ്യാറാക്കാം) വാഴയിൽ കുളിർക്കെ തളിക്കുക. രോഗം ബാധിച്ച ഇലകൾ ഉടനടി വെട്ടിമാറ്റി മണ്ണിൽ കുഴിച്ചു മൂടുകയോ, കുമിൾ നാശിനി തളിച്ചു നശിപ്പിക്കുകയോ ചെയ്യുന്നതുവഴി രോഗം ഒരുപരിധിവരെ പടരാതെ നോക്കാം. ഒരു മില്ലി. ഹെക്സാകോണാസോൾ അല്ലെങ്കിൽ ഒരു മില്ലി പ്രോപ്പി കോണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് രോഗം ബാധിച്ച വാഴകളുടെ ഇലകളുടെ അടിയിൽ പതിയത്തക്കവണ്ണം കുളിർക്കെ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാഴയുടെ മാണ അഴുകൽ രോഗം വരാതിരിക്കാനുള്ള മുൻകരുതലായി മൂന്നു ലിറ്റർ സൂഡാമോണാസ് ലായനി ഒരു വലിയ വാഴക്കെന്ന തോതിൽ തടത്തിൽ ഒഴിച്ചുകൊടുക്കുക.

c) കുരുമുളക് : ദ്രുത വാട്ടരോഗത്തിന് മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചുകൊടുക്കുക. രണ്ടാഴ്ച ഇടവേളയ്ക്കുശേഷം മാത്രം സൂഡാമോണാസ് ലായനിയുപയോഗിച്ച് മണ്ണ് കുതിർക്കുക. കൂടാതെ ചെടിയുടെ വളർച്ചക്കനുസരിച്ച് ഓരോ കുരുമുളകുവള്ളിയുടെയും ചുവട്ടിലും രïര മുതൽ അഞ്ചു കിലോഗ്രാം വീതം ട്രൈക്കോഡെർമ്മ സമ്പുഷ്ട്ട ചാണകവളം ഇട്ടുകൊടുത്ത് മണ്ണിൽ നല്ലവണ്ണം ഇളക്കി ചേർക്കുക. (ഒരു കിലോഗ്രാം ട്രൈക്കോഡെർമയും, 10 കിലോഗ്രാം വേപ്പിൻപിണ്ണാക്കും, 90 കിലോഗ്രാം ചാണകപ്പൊടിയും ചേർത്ത് തയ്യാറാക്കിയ മിശ്രിതം നേരിയ ഈർപ്പം നിലനിർത്തക്കവണ്ണം രണ്ടാഴ്ച്ചത്തേക്ക് തണലത്തു വച്ച് ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകവളം തയ്യാറാക്കാം)

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം